SET A

# ആത്യന്തിക വിലയിരുത്തൽ - III 2025-26

## മാതൃകചോദ്യപേപ്പർ

## മലയാളം - അടിസ്ഥാനപാഠാവലി

ക്ലാസ് : X

സമയം: 1½ മണിക്കൂർ
സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. **A അല്ലെങ്കിൽ B** എന്നതരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

© State Assessment Cell -SCERT Kerala

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം) (4 x1 = 4)**

**1.** 'ആ സ്വർണ്ണക്കിരീടം കൊത്തിയെടുത്ത് പൊങ്ങിപ്പറക്കാം.'
സ്വർണ്ണക്കിരീടം എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർഥം ഏത്?

**A.** സ്വർണ്ണവും കിരീടവും
**B.** സ്വർണ്ണമാകുന്ന കിരീടം
**C.** സ്വർണ്ണമായ കിരീടം
**D.** സ്വർണ്ണംകൊണ്ടുള്ള കിരീടം

**2.** '<u>നിയന്ത്രണങ്ങൾകൊണ്ടു വരിഞ്ഞുകെട്ടിയ</u> ആ ദിനചര്യയിൽ ആർക്കുംതന്നെ പരാതികൾ ഉണ്ടായിരുന്നില്ല.'
(ആനന്ദാശ്രുക്കൾ)
അടിവരയിട്ട പ്രയോഗം കൊണ്ട് അർഥമാക്കുന്നതെന്ത്?

**A.** ആരുടെയും നിയന്ത്രണങ്ങളില്ലാത്ത
**B.** കടുത്ത നിയന്ത്രണങ്ങളുള്ള
**C.** നിയന്ത്രണങ്ങളിൽ ഇളവ് നൽകിയ
**D.** നിയന്ത്രിക്കാൻ ആരുമില്ലാത്ത

**3.** വീടുതോറുമേ കണി-
നിരന്നിട്ടതിൽ വിള-
യാടുമോ നീ,യെല്ലാർക്കു-
മന്നപൂർണ്ണയാം ദേവി ?
(വിഷുക്കണി)

കവിതയിലെ കുട്ടിയുടെ മനോഭാവത്തിന് അനുയോജ്യമായ പ്രസ്താവന ഏത് ?

(ഒന്ന്) തന്റെ കുടുംബത്തിൽ മാത്രം ഐശ്വര്യം ഉണ്ടാകണമെന്ന് ചിന്തിക്കുന്നു.
(രണ്ട്) എല്ലാ വീട്ടിലും സമൃദ്ധിയുണ്ടാകണമെന്ന് ആഗ്രഹിക്കുന്നു.
(മൂന്ന്) തന്റെ സുഖസൗകര്യങ്ങളിൽ സംതൃപ്തി കണ്ടെത്തുന്നു.
(നാല്) അവനവന്റെ സന്തോഷത്തിൽ മാത്രം ശ്രദ്ധിക്കുന്നു.

**A.** ഒന്ന് മാത്രം ശരി

B. രണ്ട് മാത്രം ശരി
C. ഒന്നും മൂന്നും ശരി
D. നാല് മാത്രം ശരി

4. 'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ'

(എന്റെ ഭാഷ)

വരികളിൽ ധാത്രിമാർ എന്ന് വിശേഷിപ്പിച്ചത് ആരെ ?

A. അന്യഭാഷകളെ
B. മർത്ത്യരെ
C. പെറ്റമ്മയെ
D. സ്വഭാഷയെ

**5 മുതൽ 7 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക. (3 സ്കോർ വീതം)**
**(3 x 3=9)**

5. പുഴവെട്ടി നീന്തുന്ന വാളയ്ക്കും
കരവെട്ടിച്ചാടുന്ന ഏട്ടക്കൂരിക്കും
എന്തൊരു ചന്തം!

(ഏട്ടക്കൂരി)

അതിജീവനത്തിന്റെ എന്തെല്ലാം സൂചനകളാണ് വരികളിൽ പ്രകടമാകുന്നത്? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

6. 'ജോസ് ഇങ്ങടുത്തു വരൂ. നിന്റെ മനസ്സിലെ ആലോചനകൾ എന്തൊക്കെയാണെന്ന് എനിക്കറിയാം.' (ആനന്ദാശ്രുക്കൾ)

ജോസിനെ മനസ്സിലാക്കാനും അവന് പ്രചോദനമേകാനും ഫാദർ ഫ്രാൻസിസിന് സാധിക്കുന്നുണ്ടോ? നിങ്ങളുടെ നിരീക്ഷണങ്ങൾ വ്യക്തമാക്കുക.

7. (A) "താമരപ്പൂങ്കാവനത്തില്
താമസിക്കുന്നോളേ... താമസിക്കുന്നോളേ...
പഞ്ചവർണ്ണപ്പൈങ്കിളിയില്
പങ്ക് റങ്കുള്ളോളേ... പങ്ക് റങ്കുള്ളോളേ..."

(ഖൽബിലെ നിലാവ്)

താമരപ്പൂങ്കാവനം, പഞ്ചവർണ്ണപ്പൈങ്കിളി തുടങ്ങിയ പ്രയോഗങ്ങൾക്ക് സന്ദർഭത്തിലുള്ള പ്രാധാന്യം കണ്ടെത്തിയെഴുതുക.

**അല്ലെങ്കിൽ**

(B) പദ-വാക്യതലങ്ങളിലെ അഭംഗി പരിഹരിച്ച് ചുവടെ കൊടുക്കുന്ന ഗദ്യഭാഗം മാറ്റി എഴുതുക.

ഫിസയുടെ ആവിഷ്കാരസ്വാതന്ത്ര്യം ഭർത്താവായ ഹാഫിസിന്റെ നിഷേധിക്കപ്പെടുന്നത് ഒട്ടും ശരിയല്ല. സ്വാതന്ത്ര്യം നിഷേധിക്കപ്പെടുമ്പോഴും അവൾ ആരെയും കുറ്റപ്പെടുത്തുകയോ പരാതി പറയുകയും ചെയ്യാതെ അവൾ വീർപ്പുമുട്ടുകയാണ്. ഒടുവിൽ തന്റെ കലാജീവിതത്തെ ഒടുങ്ങാത്ത സങ്കടത്തോടെ ഉപേക്ഷിക്കുകയും ഒഴിവാക്കുകയും ചെയ്യുന്നു.

© State Assessment Cell -SCERT Kerala

**8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. (5 സ്കോർ വീതം)**
**( 4 x 5 =20)**

**8.** "എങ്ങാനുമുണ്ടോ വെട്ടം?
ചുറ്റുമീയുൾനാട്ടിലെൻ-
ചങ്ങാതിമാർതൻ ഗേഹ-
മിപ്പോഴുമിരുട്ടിൽത്താൻ"
(വിഷുക്കണി)

ചങ്ങാതിമാരെക്കുറിച്ചുള്ള ഈ കരുതലും സ്നേഹവും നമ്മുടെ സമൂഹത്തിൽ എത്രത്തോളം പ്രകടമാണ്? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

**9.** "...ചിത്രം വരയുന്നോരു മിണ്ടാറില്ലേ ? മിണ്ട്യാ വര തെറ്റ്വോ?"
അയാൾ അവളോടു ചോദിച്ചു. "ഇതിന് അഹങ്കാരംന്നാ പറയാ... വല്ല്യാളുകളി..."
"ഒരു ചായ വേണം നിയ്ക്ക്..."
"ഒരു ചായ..." (ചിത്രകാരി)

കഥയും സന്ദർഭവും വിശകലനം ചെയ്ത് ഹാഫിസ് എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

**10. (A)**
- 'അവന് ഏറ്റവും മനഃപീഡ തോന്നിയിരുന്നത് കുട്ടികളുടെ ഇടയിൽ വഴക്കുകൾ ഉണ്ടാകുമ്പോൾ സഹപാഠികൾ അവനെ ആരുമില്ലാത്തവൻ എന്നു വിളിച്ച് അപഹസിക്കുമ്പോഴായിരുന്നു'.
- 'കൊച്ചുമനസ്സുകൾ ഒരിക്കലും വേദനിച്ചുകൂടാ.'

(ആനന്ദാശ്രുക്കൾ)

കഥാസന്ദർഭങ്ങൾ നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം? കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B)**
- ഉന്നതബിരുദങ്ങൾ നേടി എന്നതുകൊണ്ട് ഒരാൾക്ക് ആ വിഷയത്തിൽ അവഗാഹമുണ്ടായി എന്നർഥമില്ല. അവഗാഹം രൂപപ്പെടാൻ നല്ലത് സ്വന്തം ഭാഷയിൽ കാര്യങ്ങൾ മനസ്സിലാക്കലാണ്.

(വിജ്ഞാനഭാഷയും വൈജ്ഞാനികസമൂഹവും)

- ഏതൊരു വേദവുമേതൊരു ശാസ്ത്രവു -
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽനിന്നുതാൻ കേൾക്കവേണം

(എന്റെ ഭാഷ)

രണ്ടു രചനാഭാഗങ്ങളും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

**11.** ഗദ്യഭാഗം വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

അജ്ഞതയുടെയും ദാരിദ്ര്യത്തിന്റെയും അരാജകത്വത്തിന്റെയും ഫലമായി ഇവിടെ വേരുറച്ചുപോയിരുന്ന ജാതി-മത-ഭാഷ-പ്രദേശഭേദങ്ങളെ അങ്ങനെ തന്നെ സംരക്ഷിക്കുവാനും തരംപോലെ ഊട്ടിവളർത്തുവാനുമാണ് ബ്രിട്ടീഷുഭരണം യത്നിച്ചത്. ഭിന്നിപ്പിച്ചു ഭരിക്കുകയായി രുന്നല്ലോ അവരുടെ രാഷ്ട്രതന്ത്രം. ജന്മസിദ്ധങ്ങളെന്നു കരുതപ്പെടുന്ന ഈ അസമത്വങ്ങളെ

© State Assessment Cell - SCERT Kerala

തുടച്ചുനീക്കുകയെന്നത് ഇന്ത്യയിലെ സ്വാതന്ത്ര്യസമരത്തിന്റെ തന്നെ ഒരു ഭാഗമായിരുന്നു. നമ്മുടെ സ്വാതന്ത്ര്യസമരം വിദേശീയരായ ഭരണാധികാരികളുടെ സ്വേച്ഛാപ്രമത്തതയ്ക്ക് എതിരെ മാത്രമായിരുന്നില്ല. അത്രതന്നെയോ അതിലധികമോ നാട്ടിനകത്തുള്ള അന്ധവിശ്വാസങ്ങൾക്കും എതിരായിരുന്നു അത്. വിദേശീയഭരണാധികാരികൾ ഒഴിഞ്ഞുപോയെങ്കിലും നാട്ടിനകത്തുള്ള ഈ അന്ധശക്തികൾ ഇന്നും പ്രബലങ്ങളാണ്. അവയ്ക്കെതിരെ സ്വാതന്ത്ര്യസമരം നാം ഇനിയും ഊർജ്ജിതമായി തുടർന്നു നടത്തേണ്ടിയിരിക്കുന്നു.

i. ഈ ഗദ്യഭാഗത്തിന് യോജിച്ച ശീർഷകം നൽകുക. **(1 സ്കോർ)**

ii. നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ സവിശേഷതയായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നതെന്തെല്ലാം? **(2 സ്കോർ)**

iii. സ്വാതന്ത്ര്യസമരം നാം ഇനിയും ഊർജിതമായി തുടർന്നു നടത്തേണ്ടിയിരിക്കുന്നു എന്ന് ലേഖകൻ അഭിപ്രായപ്പെടുന്നത് എന്തുകൊണ്ട്? **(2 സ്കോർ)**

**ചുവടെ നൽകിയ ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (7 സ്കോർ)**

**(1x 7 = 7)**

**12. (A)** പക്ഷിശാസ്ത്രക്കാരൻ : എങ്കിലും നമുക്കു തണലേകിയ വനം വെട്ടിയതാരായിരിക്കും? നമ്മുടെ താവളത്തിന്റെ വേരുതോണ്ടുന്ന രാക്ഷസന്മാർ.

(ഒരു പക്ഷിക്കുഞ്ഞിന്റെ മരണം)

"ഉണ്ണിക്കൈക്കൊണ്ടൊരു തൈവയ്ക്കൂ
കുഞ്ഞിനോടൊത്തിതു വളരട്ടേ
അമ്മയ്ക്കൊപ്പം നമ്മെക്കാക്കും
വന്മരമായിതു വളരട്ടേ." (സുഗതകുമാരി)

തന്നിരിക്കുന്ന രചനാഭാഗങ്ങളിലെ ആശയവും സമകാലിക സാമൂഹികസാഹചര്യങ്ങളും പരിഗണിച്ച് 'പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B)** മറക്കുട തല്ലിപ്പൊളിച്ച് സ്ത്രീകൾ പുറത്തുവന്നു. പുരുഷന്മാരോടൊപ്പം സ്ത്രീകളും ആധുനിക വിദ്യാഭ്യാസത്തിന് മുതിർന്നു.

(ചരിത്രം രചിച്ച നാടകം)

- ശാസ്ത്രബോധവും യുക്തിചിന്തയും മുറുകെപ്പിടിച്ച് ആധുനിക ജീവിതത്തിലേക്ക് മുന്നേറിയ നാടാണ് കേരളം. ഇവയോടൊപ്പം മതനിരപേക്ഷതയുടെയും സാമൂഹിക നീതിയുടെയും ജനാധിപത്യത്തിന്റെയും മൂല്യങ്ങളും കേരളീയ നവോത്ഥാനം ഉയർത്തിപ്പിടിച്ചിരുന്നു.

(വിജ്ഞാനഭാഷയും വൈജ്ഞാനികസമൂഹവും)

- വിദ്യ നേടുക എന്നത് വിമോചനത്തിനുള്ള ഏറ്റവും ശക്തമായ മാർഗമാണെന്ന് അയ്യങ്കാളി ഉറച്ചു വിശ്വസിച്ചിരുന്നു.

സൂചനകളും പാഠഭാഗങ്ങളിലെ ആശയങ്ങളും പരിഗണിച്ച് 'സാമൂഹികപരിവർത്തനത്തിൽ ആധുനിക വിദ്യാഭ്യാസത്തിന്റെ പങ്ക്' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

© State Assessment Cell - SCERT Kerala